LIBRARY ARCHIVES Kerala Legislative Assembly

സഹകരണ സംഘം രജിസ്ട്രാറുടെ അധികാരങ്ങൾ

94 [1502] ശ്രീ. ടി. വി. ചന്ദ്രമോഹൻ:

ഡോ: എം. എ. കുട്ടപ്പൻ:

ശ്രീമതി മേഴ്സി രവി:

ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ:

,, ഡി. സുഗതൻ: താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഏതെല്ലാം വകുപ്പുകളുടെ ഉദ്യോഗസ്ഥൻമാർക്ക് സഹകരണ സംഘം രജിസ്ട്രാറുടെ അധികാരങ്ങൾ ഏൽപ്പിച്ചുകൊടുത്തിട്ടുണ്ട്?

ഉത്തരം

വ്യവസായ വാണിജ്യ വകുപ്പ്, കയർ വികസന വകുപ്പ്, കൈത്തറി വികസന വകുപ്പ്, കേരള ഖാദി ആന്റ് വില്ലേജ് ഇൻഡസ്ട്രീസ് ബോർഡ്, ക്ഷീര വികസന വകുപ്പ്, ഫിഷറീസ് വകുപ്പ് എന്നീ വകുപ്പുകളിലെ ഉദ്യോഗസ്ഥൻമാർക്ക് ടി വകുപ്പുകളുടെ നിയന്ത്രണത്തിലുള്ള സഹകരണ സംഘങ്ങളെ സംബന്ധിച്ചുള്ള ഭരണപരമായ കാര്യങ്ങളിന്മേൽ സഹകരണ സംഘം രജിസ്ട്രാറുടെ അധികാരങ്ങൾ ഏൽപ്പിച്ചു കൊടുത്തിട്ടുണ്ട്.

സഹകരണ ജീവനക്കാരുടെ ക്ഷേമനിധി ബോർഡിന്റെ പ്രവർത്തന ലക്ഷ്യം

95 [1503] ശ്രീ. എം. വി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ ജീവനക്കാരുടെ ക്ഷേമനിധി ബോർഡിന്റെ പ്രവർത്തന ലക്ഷ്യം എന്താണെന്ന് വ്യക്തമാക്കുമോ;

(ബി) ക്ഷേമനിധിയിനത്തിൽ ഇതിനകം എത്ര തുക സഹകരണ ജീവനക്കാർക്ക് നൽകിയിട്ടുണ്ട്;

(സി) ജീവനക്കാരിൽനിന്നും എത്ര തുക പിരിച്ചെടുത്തിട്ടുണ്ട്;

(ഡി) ക്ഷേമനിധിയിൽ നിന്നുള്ള തുക ഏതെങ്കിലും സ്ഥാപനത്തിൽ ഡെപ്പോസിറ്റ് ചെയ്യുകയോ ഷെയർ എടുക്കുകയോ ചെയ്തിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(ഇ) സഹകരണ നിയമപ്രകാരമോ ക്ഷേമനിധിയുടെ ബൈലോ പ്രകാരമോ ഇപ്രകാരം ഷെയർ എടുക്കുന്നതിനോ ഡെപ്പോസിറ്റ് ചെയ്യുന്നതിനോ വ്യവസ്ഥയുണ്ടോ; എങ്കിൽ അപ്രകാരം വ്യവസ്ഥ ചെയ്യുന്ന നിയമത്തിന്റെയോ ബൈലോയുടെയോ കോപ്പി ലഭ്യമാക്കുമോ?